87 /NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
25/06/2019

## സർക്കുലർ

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 2019-20 ലെ ഒന്നാം വർഷ വോളണ്ടിയർ ലീഡർമാർക്കുള്ള ത്രിദിന സഹവാസ ക്യാമ്പ് 01/07/2019 മുതൽ ആരംഭിക്കുന്നു. ഒരു യൂണിറ്റിൽ നിന്നും രജിസ്ട്രേഷൻ ഫീസായി 1900 രൂപ (2 വോളണ്ടിയർ ലീഡർമാർക്ക്) രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനായി പെൺകുട്ടികളും ആൺകുട്ടികളും ഉള്ള സ്കൂളിൽ നിന്നും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും വോളണ്ടിയർ ലീഡർമാരായി തെരഞ്ഞെടുത്ത് പങ്കെടുപ്പിക്കേണ്ടതാണ്. ടി സ്കൂളിൽ നിന്നും ആൺകുട്ടികൾ മാത്രമാണ് പങ്കെടുക്കാൻ എത്തുന്നതെങ്കിൽ അവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. വോളണ്ടിയർ ലീഡർമാരായി എത്തുന്നവർ ആയിരിക്കണം സ്കൂളിലെയും വോളണ്ടിയർ ലീഡർ ആകേണ്ടത്. പകരക്കാരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. മൊബൈൽ ഫോൺ കൊണ്ടുവരാൻ പാടുള്ളതല്ല.

ലീഡർമാരായി തെരഞ്ഞെടുക്കുന്ന വോളണ്ടിയർമാർ മികച്ച ആശയ വിനിമയ പാടവമുള്ളവരും സ്വഭാവഗുണങ്ങളോടുകൂടിയുള്ളവരുമായിരിക്കണം. ഓരോ ലീഡറും ഓരോ സ്കൂളിനെ പ്രതിനിധീകരിച്ചാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. അതിനാൽ ക്യാമ്പിലെ അവരുടെ പ്രവർത്തനം സ്കൂളിന് അഭിമാനമാകുന്ന രീതിയിൽ ആയിരിക്കണം. വോളണ്ടിയർലീഡർമാർ ക്യാമ്പിൽ ഫോട്ടോ പതിപ്പിച്ച സ്കൂൾ ഐഡി നിർബന്ധമായും ധരിച്ചിരിക്കണം. ക്യാമ്പ് നിബന്ധനകൾ പാലിക്കാത്ത വോളണ്ടിയർലീഡർമാരുടെ വിവരം പ്രിൻസിപ്പലിനെ അറിയിക്കുന്നതും അവരെ വോളണ്ടിയർ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതുമാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ലീഡർഷിപ്പ് ക്യാമ്പിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിനാൽ എല്ലാ വോളണ്ടിയർ ലീഡർമാരും ഓരോ മഷിപ്പേന കൊണ്ടു വരേണ്ടതാണ്. പതിവായി മരുന്നുകൾ കഴിക്കുന്നവർ മരുന്നുകൾ

കരുതേണ്ടതാണ്. ഒരു ബെഡ്ഷീറ്റ് കൊണ്ടുവരേണ്ടതാണ്. ലീഡർഷിപ്പ് ക്യാമ്പിൽ ഒന്നാം വർഷ എൻഎസ്എസ് വോളണ്ടിയർ ലീഡർമാരെ പങ്കെടുപ്പിക്കാത്ത യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല. ജില്ലാ പ്രോഗ്രാം കൺവീനർ/പിഎസി അംഗങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ യൂണിറ്റുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ലീഡർഷിപ്പ് ക്യാമ്പിന്റെ കൂടുതൽ വിവരങ്ങൾക്കായി ജില്ലാ പ്രോഗ്രാം കൺവീനർ/പിഎസി അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്.

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | സ്കൂളുകളുടെ എണ്ണം | ലോഗോസ് പാസ്ട്രൽ സെന്റർ, നെയ്യാറ്റിൻകര, തിരുവനന്തപുരം (നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ - നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് -ലോഗോസ് പാസ്ട്രൽ സെന്റർ(പൂവാർ |
|---|---|---|---|---|
| 01/07/2019 മുതൽ 03/07/2019 | 01/07/2019 3Pm | തിരുവനന്തപുരം<br>പത്തനംതിട്ട | 34<br>54 | |
| 03/07/2019 മുതൽ 05/07/2019 | 03/07/2019 3Pm | തിരുവനന്തപുരം<br>കൊല്ലം | 62<br>27 | |

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | സ്കൂളുകളുടെ എണ്ണം | ക്രിസ്തു ജ്യോതി അനിമേഷൻ സെന്റർ, കൊട്ടിയം |
|---|---|---|---|---|
| 01/07/2019 മുതൽ 03/07/2019 | 01/07/2019 3Pm | കൊല്ലം<br>ആലപ്പുഴ | 40<br>40 | |
| 03/07/2019 മുതൽ 05/07/2019 | 03/07/2019 3Pm | കൊല്ലം<br>ആലപ്പുഴ | 39<br>41 | |

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | സ്കൂളുകളുടെ എണ്ണം | ജീവാരാം ബദനി ആശ്രം, മാവേലിക്കര, ആലപ്പുഴ(മാവേലിക്കര- പുന്നമൂട് - ജീവാരാം ബദനി ആശ്രം) |
|---|---|---|---|---|
| 07/07/2019 മുതൽ 09/07/2019 | 05/07/2019 3Pm | കോട്ടയം<br>ഇടുക്കി | 62<br>27 | |

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | സ്കൂളുകളുടെ എണ്ണം | |
|---|---|---|---|---|
| 16/07/2019 മുതൽ 18/07/2019 | 16/07/2019 3Pm | എറണാകുളം<br>ഇടുക്കി<br>പാലക്കാട് | 23<br>27<br>30 | അസീസ്സി ശാന്തി കേന്ദ്ര കറുകുറ്റി, അങ്കമാലി, എറണാകുളം |
| 18/07/2019 മുതൽ 20/07/2019 | 18/07/2019 3Pm | തൃശ്ശൂർ<br>എറണാകുളം | 45<br>35 | |
| 20/07/2019 മുതൽ 22/07/2019 | 20/07/2019 3Pm | തൃശ്ശൂർ<br>എറണാകുളം | 49<br>30 | |
| 22/07/2019 മുതൽ 24/07/2019 | 22/07/2019 3Pm | പാലക്കാട്<br>കോട്ടയം<br>എറണാകുളം | 44<br>27<br>9 | |

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | സ്കൂളുകളുടെ എണ്ണം | |
|---|---|---|---|---|
| 26/07/2019 മുതൽ 28/07/2019 | 26/07/2019 3Pm | വയനാട്<br>കണ്ണൂർ | 52<br>34 | യമുനാ തീരം, കാനായി , കണ്ണൂർ (പിലാത്തറ-മാതമംഗലം) |
| 28/07/2019 മുതൽ 30/07/2019 | 28/07/2019 3Pm | മലപ്പുറം<br>കണ്ണൂർ | 44<br>42 | |
| 30/07/2019 മുതൽ 01/08/2019 | 30/07/2019 3Pm | മലപ്പുറം<br>കോഴിക്കോട് | 42<br>44 | |
| 01/08/2019 മുതൽ 03/08/2019 | 01/08/2019 3Pm | മലപ്പുറം<br>കാസറഗോഡ് | 35<br>51 | |
| 03/08/2019 മുതൽ 05/08/2019 | 03/08/2019 3Pm | മലപ്പുറം<br>കോഴിക്കോട് | 41<br>45 | |
| 05/08/2019 മുതൽ 07/08/2019 | 05/08/2019 03Pm | കണ്ണൂർ<br>കോഴിക്കോട് | 41<br>45 | |

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ